# കൊച്ചുകൊച്ചു വർത്തമാനങ്ങൾ

അബ്ദുൾ റഷീദ്

മൂന്നാം വർഷ ബി.എസ്.കെമിസ്ട്രി



**സ്ഥലം: ഫാറൂഖ് കോളജ് കാന്റീൻ**


**സമയം: ഉച്ച 12 മണി**

നെയിൽപോളിഷും ലിപ്സ്റ്റിക്കും വാരി പൂശി ചുണ്ടിൽ ഇളംപുഞ്ചിരി പുരട്ടി ഹൈ-ഹീൽഡ് ചെരുപ്പിൽ ക്യാറ്റ് വോക്കോടെ ലോകം മുഴുവൻ കീഴടക്കി ക്കൊണ്ട് കോളജിലെ താര സുന്ദരിമാർ കാന്റീനിന്റെ വലതുഭാഗത്തുകൂടെ (ഇടതുഭാഗം അവർക്കു നിഷിദ്ധമാണ്) തങ്ങളുടെ ഫ്രണ്ടിന്റെ ചേച്ചിയുടെ ഭർത്താവിന്റെ ബർത്ത് ഡേ 'ട്രീറ്റി' നുവേണ്ടി ബഹളത്തോടെ കയറിവരുന്നു.........(അച്ഛൻ മരിച്ചാലും ട്രീറ്റിന് നിമിത്തമാകും).

ബിരിയാണിയും, ഫ്രൂട്ട്സാലഡും പിന്നെ തങ്ങളുടെ ഇഷ്ടതാരങ്ങളുടെ ഇഷ്ടങ്ങളനുസരിച്ച് സോഫ്റ്റ് ഡ്രിങ്സും ഓർഡർ ചെയ്യുന്നു.. വെള്ളാരം കണ്ണുകളുള്ള ഋതിക്കിനെ സ്നേഹിക്കുന്നവർക്ക് വേണ്ടത് കൊക്കോകോള........ഷാരൂഖിന്റെ പുഞ്ചിരിയിൽ അലിയാൻ ആഗ്രഹിക്കുന്നവൾക്കു വേണ്ടത് പെപ്സി. അങ്ങനെ.....അങ്ങനെ..... കേന്റീനിലെ വേലിക്കെട്ടിനപ്പുറത്തെ അഭിനവ ഋതിക് റോഷന്മാരുടെ ഇഷ്ടപാനീയങ്ങൾ കൂടി സുന്ദരിമാർ ഓർഡർ ചെയ്യുന്നു. ഇഷ്ടപാനീയങ്ങൾക്കൊപ്പം കളിതമാശകൾ നുണഞ്ഞ്.......സ്വപ്നങ്ങൾ നെയ്ത്........

*　　*　　*　　*　　*　　*

ഹോസ്റ്റൽ മുഴുവൻ ഉറങ്ങിക്കിടക്കുമ്പോൾ രണ്ടു വിദ്യാർത്ഥികൾ പഠനം മതിയാക്കി ഉച്ചയ്ക്ക് മിച്ചം വെച്ച ഭക്ഷണവും കഴിച്ച്, പകൽ ക്ലാസ്സിലിരുന്ന ക്ഷീണവും വൈകുന്നേരം ഹൈസ്കൂൾ കുട്ടികൾക്ക് ട്യൂഷനെടുത്ത ക്ഷീണവും വകവെക്കാതെ കോളജ് ബസ്സ്റ്റാന്റിലേക്ക് നടക്കുന്നു......... ബസ്സ്റ്റാന്റിനു പരിസരത്തുള്ള പ്രമുഖ ഹോട്ടലിന്റെ മുൻവശത്ത് ഇറക്കിയിട്ട വിറകുകൾ ചുമന്ന് ഹോട്ടലിന് പിൻവശത്തേക്കു ചുമന്നു കൊണ്ട് പോകുന്നു. ഒരു ലോഡ് വിറകിന് ഇരുനൂറ് രൂപവെച്ച് കിട്ടുമ്പോൾ ഭാരിച്ച വിദ്യാഭ്യാസ ചിലവിന് ഒരു പരിധിവരെ ആശ്വാസം കിട്ടുമായിരുന്നു. അരച്ചാൺ വയറ് നിറയ്ക്കാൻ ഗതിയില്ലാതെ നമ്മുടെ നാട്ടിലെത്തിയ ചില പരദേശികൾ ഒരു ലോഡ് വിറകിന് നൂറ് രൂപാ നിരക്കിൽ ഏറ്റെടുത്തപ്പോൾ ആ വരുമാന മാർഗ്ഗവും നിലച്ചു



ഒരു മനുഷ്യന് ജീവൻ നിലനിർത്താൻ രണ്ടായിരത്തി ഇരുനൂറ് കലോറി നിത്യഭക്ഷണത്തിൽനിന്ന് കിട്ടണമെന്ന് ശാസ്ത്രം. പ്രസിഡൻസ് ഹോസ്റ്റലിലെ ആറാം നമ്പർ മുറിയിൽ താമസിച്ചിരുന്ന സമർത്ഥനായ ഒരു വിദ്യാർത്ഥിക്ക് ഇതുപോലും കിട്ടുന്നുണ്ടോ എന്ന് സംശയമാണ്. ഹോട്ടലിൽ ജോലി ചെയ്തും ചുമടെടുത്തും, ട്യൂഷനെടുത്തുമെല്ലാം എം.എ.യും, യു.ജി.സി.യും, എം.എഡും കഴിഞ്ഞ ഈ വിദ്യാർത്ഥി തൊഴിലൊന്നുമില്ലാതെ ഒടുവിൽ കോഴ്സ് മുഴുമുപ്പിക്കാൻ പാടുപെടേണ്ടിവന്നു.

എസ്.എസ്.എൽ.സി. പരീക്ഷക്ക് ഒരു പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങി വിജയിച്ച ഒരു വിദ്യാർത്ഥി കോളേജ് ഹോസ്റ്റലിൽ മെസ്സ്ഫീസ് അടക്കാൻ സാമ്പത്തിക ശേഷിയില്ലാതെ വളരെയേറെ ബുദ്ധിമുട്ടി. ഒടുവിൽ പഞ്ചായത്ത് നൽകിയ കാഷ് അവർഡ് കൊണ്ടാണ് മെസ്സിലെ കുറച്ച് തുകയെങ്കിലും അടയ്ക്കാൻ കഴിഞ്ഞത്.

ഇതും ഇന്നത്തെ കാമ്പസിന്റെ കൊട്ടിഘോഷിക്കപ്പെടാതെ പോകുന്ന ദൃശ്യങ്ങളാണ്.

*          *          *          *          *

നമ്മുടെ സിനിമകളും പത്രമാധ്യമങ്ങളും കാൽപനികതയുടെ നിറങ്ങളിൽ ചാലിച്ച് കൊട്ടിഘോഷിക്കുന്ന കാമ്പസിന്റെ യഥാർത്ഥ മുഖങ്ങൾ ഇനിയുമുണ്ട് ഒരുപാട്..... കാമ്പസുകളുടെ പരിഛേദമെന്നവകാശപ്പെടുന്ന 'കാമ്പസ് ലൈനു' കളും 'കലാശാല' കളിലും പിന്നെ കാമ്പസിന്റെ ഹൃദയത്തുടിപ്പുകളായി കൊണ്ടാടുന്ന സിനിമകളായ 'നിറ' വും 'പ്രണയവർണ്ണ' ങ്ങളുമൊക്കെ സ്വപ്നതുല്യമായ കാമ്പസിന്റെ ഇല്ലാത്ത വർണ്ണ ശബളിമയെ മാത്രം എടുത്തു കാണിക്കാൻ തിടുക്കം കൂട്ടിക്കൊണ്ടിരിക്കുന്നു......

കാമ്പസിന്റെ അടിപൊളികൾക്കും ചോക്കലേറ്റ് കുഞ്ഞുങ്ങളുടെ പൊങ്ങച്ചങ്ങൾക്കുമിടയിൽ ജീവിതത്തെക്കുറിച്ചും, സമൂഹത്തെക്കുറിച്ചും വ്യക്തമായ ധാരണയുള്ള ഒരു ന്യൂനപക്ഷം വിദ്യാർത്ഥികളുണ്ട്. കോളജ് ലൈബ്രറിയിലും റീഡിംഗ് റൂമിലും സന്നദ്ധ സംഘടനകളിലും കലോൽസവങ്ങളിലും ഇത്തരക്കാരുടെ സാന്നിധ്യം നിറഞ്ഞു നിൽക്കുന്നു. വരണ്ട ഇന്നത്തെ കാമ്പസ് ഇടനാഴികളെ ധന്യമാക്കുന്നത് ഈ ന്യൂനപക്ഷങ്ങളുടെ ഇടപെടലുകളാണ് എന്നതാണ് യാഥാർത്ഥ്യം. എന്നാൽ നമ്മുടെ പത്രങ്ങളിലെ കാമ്പസിന്റെ പൈങ്കിളിമുഖങ്ങളെമാത്രം വരച്ചുകാണിക്കുന്നു എന്നത് അവ കേമ്പസിനെ എത്ര ലാഘവത്തോടെയാണ് കാണുന്നത് എന്നതിനുള്ള തെളിവാണ്.


ഇന്നത്തെ കോളേജുകളെക്കുറിച്ചു പറയുമ്പോൾ പലരുടെയും നെറ്റിചുളിയുന്നത് സാധാരണമാണ്. വൃദ്ധന്മാർ, തങ്ങൾക്കു പ്രായമായതുപോലെ ലോകത്തിനും വാർദ്ധക്യം ബാധിച്ചു എന്നു കരുതിവെക്കാറുണ്ട്. അതുപോലെ നമ്മുടെ ചില സാംസ്കാരിക നായകന്മാർ എഴുപതുകളിലെ കാമ്പസിന്റെ സജീവതയെക്കുറിച്ച് ഊറ്റം കൊള്ളാറുണ്ട്. അന്ന് കാമ്പസുകളിൽ പ്രണയത്തിനു തീവ്രതയുണ്ടായിരുന്നെന്നും ചുരുട്ടിയ മുഷ്ടിക്കുള്ളിൽ ആത്മാർത്ഥതയുടെ നനവുണ്ടായിരുന്നു എന്നുമൊക്കെ അവർ അഭിമാനിക്കുന്നു.

സമൂഹത്തിന്റെ പ്രതിബിംബമാണ് കാമ്പസ് എന്നാണല്ലോ? അതുകൊണ്ടുതന്നെ അന്ന് കാമ്പസും സാമൂഹിക പ്രശ്നങ്ങൾക്ക് നേരെ തങ്ങളുടെ പങ്കും ലോഭമന്യേ നൽകി. എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിന്റെ മുഖം വളരെയേറെ വികൃതമായിരിക്കുന്നു. സാമൂഹികാന്തരീക്ഷംതന്നെ ഏറെമാറിയിരിക്കുന്നു. സാംസ്കാരിക ജീർണ്ണത വർത്തമാന സമൂ

ഹത്തെ കാർന്നു തിന്നുന്നു. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ പ്രതിബിംബം കാമ്പസിലും തെളിയുന്നു. ഇന്ന് വിദ്യാർത്ഥികൾക്ക് മാതൃകയാക്കാൻ പറ്റിയ എത്ര വ്യക്തിത്വങ്ങൾ നമുക്കുചുറ്റുമുണ്ട്? ചൂണ്ടിക്കാണിക്കാൻ പാകത്തിൽ വ്യക്തിത്വങ്ങൾ കുറയുന്നു എന്നുള്ളത് ഒരു തലമുറയുടെ ഏറ്റവും ഭയാനകമായ ഒരു ദുരന്തമാകുന്നു.

പലരും തള്ളിപ്പറയുന്ന പുരോഗമന വിദ്യാർത്ഥിസംഘടനകളുടെ ശക്തമായ സാന്നിധ്യം കൂടി കാമ്പസിൽ ഇല്ലായിരുന്നുവെങ്കിൽ സാധാരണ വിദ്യാർത്ഥികളുടെ അവസ്ഥ എന്താകുമായിരുന്നു എന്നത് ഊഹത്തിനുമപ്പുറത്താണ്. വിദ്യാർത്ഥികളും, സമൂഹവും, മാധ്യമങ്ങളും ഒരു പൊളിച്ചെഴുത്തിന് തയ്യാറായില്ലെങ്കിൽ സമീപഭാവിയിൽതന്നെ നമ്മുടെ കാമ്പസുകൾ വെറും തരിശു നിലങ്ങളായി വരണ്ടുണങ്ങും. കാമ്പസിനെ നിർവ്വചിക്കാൻ കഴിയില്ല അത് അനുഭവിച്ച് തന്നെ അറിയണം.

കാമ്പസിലെ മഞ്ഞും മഴയും വെയിലും എല്ലാം അനുഭവിക്കുക തന്നെ വേണം.



*സത്യമായും ഞാൻ ജീവിക്കുന്നത്*
*ഇരുട്ടിന്റെ യുഗത്തിലാണ്*
*കറപുരളാത്ത വചനം വിഡ്ഢിത്തം മാത്രം*
*ചുളിയാത്തനെറ്റി നിർവ്വികാരതയുടെ സൂചനയും*
*ചിരിക്കുന്ന മനുഷ്യൻ ഭയാനകമായ വാർത്തകൾ*
*കേൾക്കാനിരിക്കുന്നതേയുള്ളു.*

*-ബ്രഹ്ത്-*


# മഞ്ഞിന്റെ നാട്ടിലൂടെ...

**റജീന കുന്നത്ത്**
രണ്ടാം വർഷ പ്രീഡിഗ്രി

ALL India Girls Trecking Camp (NCC) സിക്കിമിൽ വെച്ച് ഒക്ടോബർ 17 മുതൽ 29 വരെ നടന്നു. കേരളത്തെ പ്രതിനിധീകരിച്ച് 34 പേർ പങ്കെടുത്തു. അതിൽ ഫറൂഖ് കേളേജിൽ നിന്ന് നാലു പേർ തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ വളരെ അകലെകിടക്കുന്ന മഞ്ഞിന്റെ നാടാണ് സിക്കിം; അവിടെ വെച്ചു നടന്ന ആ ക്യാമ്പ് ജീവിതത്തിലെ ഒരു അവിസ്മരണീയ സംഭവമായി ഞാനതിനെ കാണുന്നു. കാരണം ഇനിയൊരിക്കൽക്കൂടി ഇങ്ങനെയൊരവസരം എനിക്ക് കിട്ടുമെന്ന് തോന്നുന്നില്ല.

നാലു ദിവസത്തെ ട്രെയിൻ യാത്രയ്ക്ക് ശേഷം ഞങ്ങൾ വെസ്റ്റ് ബംഗാളിലെ സിലിഗുരി എന്ന സ്ഥലത്ത് എത്തിച്ചേർന്നു. അവിടെയായിരുന്നു ബേസ് ക്യാമ്പ്. തമിഴ്നാട്, കർണ്ണാടക, ഒറീസ്സ, ബീഹാർ എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞാണ് അവിടെ എത്തിയത്. അതിനു ശേഷമാണ് സിക്കിം.

കേരളത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ജീവിതരീതിയാണ് സിക്കിമിലെ ജനങ്ങളുടേത്. ഒരു പക്ഷേ ഇന്ത്യയുടെ അതിർത്തിപ്രദേശമായത് കൊണ്ടാകാം കൂട്ടിക്കലർന്ന സംസ്ക്കാരമാണവരുടേത്. ഇന്ത്യ, നേപ്പാൾ, ചൈന എന്നിവയാണ് ഈ സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്ന രാജ്യങ്ങൾകൂടുതലായും നേപ്പാളിലെ രീതികളായിരുന്നു



അവിടെ പ്രതിഫലിച്ചിരുന്നത്. നിസ്സീമമായ സഹകരണം ആ നാട്ടുകാരിൽ നിന്നും ഞങ്ങൾക്ക്ലഭിച്ചിരുന്നു.

നട്ടുച്ചയിലും മഞ്ഞിന്റെ ആവരണമായിരുന്നു ഞങ്ങളുടെ മുമ്പിൽ. ചിലപ്പോൾ പരസ്പരം കാണാൻപോലും കഴിയാത്ത അവസ്ഥയിലാകും. അവിടുത്തെ പ്രകൃതിമനോഹാരിത ഞങ്ങളെ ഹഠാദാകർഷിച്ചു. വളരെയേറെ വനസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശമാണ് സിക്കിം. ഏതു ഭാഗത്തു നോക്കിയാലും മഞ്ഞുമലകളും ഇടതൂർന്ന കാടുകളും, ഇന്ത്യയുടെയും നേപ്പാളിന്റെയും ബോർഡറിൽ തല ഉയർത്തിനിൽക്കുന്നു, ഇന്ത്യയിലെ ഏറ്റവും വലിയ പർവതമായ കാഞ്ചൻജംഗ! അത് കാണുമ്പോൾ വെള്ളിയിൽ തീർത്തതാണോ എന്ന് സംശയം തോന്നും. ആ അഭൗമ സൗന്ദര്യത്തിന്റെ മുമ്പിലാണ് നിൽക്കുന്നതെന്നോർത്തപ്പോൾ ഞാൻ മതിമറന്നു പോയി. അസുലഭഭാഗ്യം ലഭി

ച്ചതിൽ ഞാൻ അളവറ്റ് സന്തോഷിക്കുന്നു.

ഞങ്ങൾ അവിടെ എത്തിച്ചേർന്നതിന്റെ രണ്ടാം ദിവസം മുതൽ ട്രക്കിംഗ് ആരംഭിച്ചു. വെസ്റ്റ് ബംഗാൾ, കടക്പൂർ, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളായിരുന്നു ഞങ്ങളോടൊപ്പമുണ്ടായിരുന്നത്. 7-ാമത്തെ ബാച്ചായിരുന്നു ഇത്. ഓരോ ദിവസവും 15 മുതൽ 20 കിലോമീറ്റർ വരെ നടക്കും. പക്ഷെ എത്ര തന്നെ നടന്നാലും ക്ഷീണം അറിഞ്ഞതേയില്ല.

നിബിഡവനങ്ങൾക്കിടയിലൂടെയായിരുന്നു ഞങ്ങളുടെ യാത്ര. എങ്കികിലും വളരെ ഉല്ലാസ പ്രദമായിരുന്നു. ആ യാത്രയ്ക്കിടയിൽ പുസ്ത കങ്ങളിൽനിന്നു മാത്രം മനസ്സിലാക്കിയിട്ടുള്ള വാഹനങ്ങളില്ലാത്ത ലോകത്തെക്കുറിച്ച് ഒരു നിമിഷം ഞാനൊന്നോർത്തുപോയി.

ചുരുക്കത്തിൽ ഒരു കൊച്ചു തീർത്ഥാടനമായി രുന്നു അത് ഓരോ ദിവസവും വ്യത്യസ്ത സ്ഥല ങ്ങളിലാണ് അന്തിയുറങ്ങാറ്. നാംച്ചി, സിംഗറ്റം, സാംഗ്, ടെമി, റാണിപൂർ തുടങ്ങി വളരെയേറെ സ്ഥലങ്ങലിലൂടെ ഞങ്ങൾ സഞ്ചരിച്ചു. കൂട്ട ത്തിൽ സിക്കിമിന്റെ തലസ്ഥാനമായ ഗാംങ്ടോക്ക് പട്ടണവും കാണുകയുണ്ടായി.

ട്രക്കിംഗിനിടയിൽത്തന്നെ ഞങ്ങളിൽ 15 പേർക്ക് മാത്രം മറ്റൊരവസരം കൂടി ലഭിച്ചു. ലോകപ്ര സിദ്ധമായ 'നളന്ദ' ഇൻസ്റ്റിറ്റ്യൂട്ട് കണ്ടു. ലോക ത്തിന്റെ നാനാഭാഗത്തു നിന്നും ധാരാളം വിദ്യാർത്ഥികൾ അവിടെ താമസിച്ച് ഉപരിപഠനം നടത്തുന്നുണ്ട്. ഒരു ബുദ്ധസ്ഥാപനമായ നളന്ദ യിൽ ദലൈലാമയാണ് ആരാധ്യപുരുഷൻ. അവിടെ കണ്ട കാഴ്ചകളിൽ ഏറ്റവും വിശേഷ ണാർഹമായത് സ്വർണ്ണസ്തൂപമാണ്. മുഴുവനും സ്വർണ്ണത്തിൽ തീർത്ത ആ സ്തൂപത്തിനു മുമ്പിൽ ഞങ്ങൾ കുറച്ചു സമയം ചിലവഴിച്ചു.

എല്ലാ ദിവസവും രാത്രി കൾച്ചറൽ പ്രോഗ്രാമു ണ്ടായിരുന്നു. വ്യത്യസ്ത സംസ്കാരങ്ങളുടെ കൂടിച്ചേരലാകുന്ന ആ രംഗം ഒരനുഭവം തന്നെ യാണ്. ഭരതനാട്യം, തിരുവാതിരക്കളി, നാടോടി നൃത്തങ്ങൾ, മലയാളഗാനങ്ങൾ എന്നിവയെല്ലാം

**ലോകപ്രസിദ്ധമായ 'നളന്ദ' ഇൻസ്റ്റ്**
**കണ്ടു. ലോകത്തിന്റെ നാനാഭാഗ**
**നിന്നും ധാരാളം വിദ്യാർത്ഥികൾ അ**
**താമസിച്ച് ഉപരിപഠനം നടത്തുന്നുണ്ട്**
**ബുദ്ധസ്ഥാപനമായ നളന്ദയിൽ ദ**
**മയാണ് ആരാധ്യപുരുഷൻ.**

ഞങ്ങൾ അവതരിപ്പിച്ചു. കേരളത്തിന്റെ തന
കലാരൂപമായ തിരുവാതിരക്കളിയാണ് ഏറ്റവു
ശ്രദ്ധപിടിച്ചുപറ്റിയത്. ഭരതനാട്യവും ഏ
ശ്രദ്ധേയമായി. ക്യാമ്പിന്റെ അവസാനദിവസം
6-ാമത്തെ ബാച്ചും ഞങ്ങളും ഒന്നിച്ചായിരുന്നു
അന്നുരാത്രി ദൽഹി, മണിപ്പൂർ, സിക്കിം എന്ന
സംസ്ഥാനങ്ങളിലെ കുട്ടികൾ കൂടി അവതര
പ്പിച്ച പരിപാടികൾ കാണാൻ കഴിഞ്ഞു.

29-ാം തിയ്യതിയോടുകൂടി ട്രക്കിംഗ് ക്യാമ്പ് അ
സാനിച്ചു. അവിടെ നിന്നും പിരിഞ്ഞുവരാറാ
പ്പോഴേയ്ക്കും ഇന്ത്യയുടെ വിവിധ ഭാഗങ്ങളി
ലുള്ള ഒരുപാട് സുഹൃത്തുക്കളെ കിട്ടി. ഒരുപിടി
മധുരസ്മരണകൾ സമ്മാനിച്ചു ആ സിക്കി
ക്യാമ്പ്. അവിടെ നിന്നും പടിയിറങ്ങുമ്പോൾ
എന്തോ...എവിടെയോ ഒരു കൊച്ചുനൊമ്പരം.
എന്റെ ഓർമ്മകളുടെ മണിച്ചെപ്പിലെ ഒരിക്കലും
ഒളിമങ്ങാത്ത ഒരു നാഴികക്കല്ലായി ഞാൻ ഈ
ക്യാമ്പിനെ സൂക്ഷിക്കുന്നു.

# സ്മൃതിപഥത്തിലൂടെ.....

**ദിനേശ് ബാബു, മനീഷ. സി, ശാലിനി.സി**

ഫാറൂഖ് കോളേജ് സുവർണ്ണജൂബിലി ആഘോഷപരിപാടികളുടെ ഭാഗമായി കോളേജ് ഏർപ്പെടുത്തിയ, നിർധനർക്കായുള്ള സൗജന്യ ഭവന നിർമ്മാണപദ്ധതിയുമായി സഹകരിച്ച്, അഴിഞ്ഞിലം, ചുള്ളിപ്പറമ്പ്, അണ്ടിക്കാടൻകുഴി എന്നിവിടങ്ങളിലായി മൂന്നു വീടുകൾ നിർമ്മിക്കുന്ന പണി ഏറ്റെടുത്ത്, 2000 മാർച്ച് 19ന് ഔപചാരികമായി ആരംഭിച്ച്, ഈ വർഷത്തെ എൻ. എസ്.എസ്. ദശദിന ക്യാമ്പ്, മീനച്ചൂടിന്റെ തീക്ഷ്ണതയേയും, പരീക്ഷാച്ചൂടിന്റെ വീർപ്പുമുട്ടലിനേയും, അവഗണിച്ചുകൊണ്ട്, ഇത്രമേൽ വിജയപ്രദമാകുമെന്ന്, ഒരുപക്ഷേ, ക്യാമ്പിന്സാരഥ്യം വഹിച്ചവർപ്പോലും കരുതിക്കാണില്ല. ഭവനനിർമ്മാണത്തിനു പുറമേ, റോഡുനിർമ്മാണം, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനയജ്ഞം, സർവ്വേ എന്നിവയും ഭംഗിയായി നടത്തി എന്നത് ഈ വർഷത്തെ എൻ.എസ്.എസ്. ക്യാമ്പിന്റെ പ്രശംസനീയമായ നേട്ടമാണ്.

പ്രിൻസിപ്പാളിന്റെ സാന്നിദ്ധ്യത്തിൽ വാഴയൂർ പഞ്ചായത്ത് പ്രസിഡണ്ട് എം. ഗോവിന്ദൻ ആയിരുന്നു ക്യാമ്പിന്റെ ഔപചാരിക ഉൽഘാടനം നിർവ്വഹിച്ചത്. എന്നാൽ ക്യാമ്പ് തുടങ്ങുന്നതിന് ഏതാണ്ട് 6 ദിവസം മുമ്പുതന്നെ ക്യാമ്പിന്റെ പ്രധാന പ്രവർത്തനമേഖലയായിരുന്നു വീടു നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എൻ.എസ്.എസ്. അംഗങ്ങൾ ആരംഭിച്ചിരുന്നു.

കഴിഞ്ഞ വർഷത്തെപ്പോലെ, ദശദിനക്യാമ്പ് മാർച്ച് മാസമായിരുന്നതിനാൽ അവസാനവർഷ ബിരുദവിദ്യാർത്ഥികൾക്കു ക്യാമ്പിൽ പങ്കെടുക്കാൻ സാധിച്ചില്ല. തന്നെയുമല്ല, ഒന്നാംവർഷ വിദ്യാർത്ഥികളെ അപേക്ഷിച്ച് രണ്ടാംവർഷ വിദ്യാർത്ഥികളുടെ പങ്കാളിത്തവും കുറവായിരുന്നു. ക്യാമ്പിൽ പങ്കെടുത്തവരിലേറെയും പെൺകുട്ടികളായിരുന്നതിനാൽ ആൺകുട്ടികൾക്കു ജോലിഭാരം വർദ്ധിച്ചേക്കാമെന്നൊരു ആശങ്കയും നിലനിന്നിരുന്നു. തങ്ങളുടെ ഊർജ്ജസ്വലമായ പ്രവർത്തികളിലൂടെ അത്തരം ആശങ്കകളെ നിഷ്പ്രഭമാക്കാൻ പെൺകുട്ടികൾക്കു സാധിച്ചു.

വീടുനിർമ്മാണ പ്രവർത്തനവും, റോഡുനിർമ്മാണവും, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനയജ്ഞവും, സർവ്വേയും ഈ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് ക്യാമ്പ് അംഗങ്ങളെ ഓരോ ഗ്രൂപ്പാക്കിത്തിരിച്ചതിലൂടെയായിരുന്നു. ഓരോ ദിവസവും, എല്ലാ ഗ്രൂപ്പിൽനിന്നും നിശ്ചിത അംഗങ്ങളെ വ്യത്യസ്ത ജോലിക്കായി നിയോഗിക്കുന്നതിലൂടെ എല്ലാ കുട്ടികൾക്കും ക്യാമ്പ് പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും പങ്കാളികളാവാൻ സാധിച്ചു.


അഴിഞ്ഞിലം പ്രദേശത്ത് ഞങ്ങൾ നിർമ്മിച്ച റോഡ് അവിടുത്തെ ജനങ്ങൾക്കു സൗകര്യപ്രദമായി. പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി അഴിഞ്ഞിലം പ്രദേശത്തെ ജനങ്ങളെ ബോധവാന്മാരാക്കുകയും, പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് സംസ്കരിച്ച് അഴിഞ്ഞിലം പ്രദേശത്തെ പ്ലാസ്റ്റിക്ക് വിമുക്തപ്രദേശമാക്കിമാറ്റുകയും ചെയ്ത എൻ.എസ്. എസ് സമീപവാസികൾക്കു മാതൃകയായി. കൂടാതെ, ക്യാമ്പ് സംഘടിപ്പിച്ച സർവ്വേ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക അവസ്ഥ മനസ്സിലാക്കാൻ കഴിഞ്ഞു.

പ്രവർത്തനങ്ങളോടൊപ്പം, ക്യാമ്പ് അംഗങ്ങളുടെ വ്യക്തിത്വവികസനത്തിന് ഊന്നൽ നൽകുന്നതിനായി വ്യത്യസ്ത കളികളും ക്ലാസുകളും സംഘടിപ്പിക്കപ്പെട്ടു. കൂടാതെ, നാട്ടുകാരുമായുള്ള ക്രിക്കറ്റ് മൽസരവും, അംഗങ്ങളുടെ നൃത്തനൃത്ത്യ പരിപാടികളും ആസ്വാദകരമായിരുന്നു. ക്യാമ്പിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട സൈലന്റ്‌വാലി വിനോദയാത്ര-ക്യാമ്പംഗങ്ങളുടെ മനസിനെ കുളിരണിയിച്ചു.

ക്യാമ്പിന്റെ അവസാനദിവസം വിദ്യാർത്ഥികൾ ക്യാമ്പിനെ വിലയിരുത്തി. മികച്ച ക്യാമ്പംഗങ്ങളായി ഒന്നാംവർഷ സുവോളജിയിലെ റാഫിയെയും, ഒന്നാംവർഷ കെമിസ്ട്രിയിലെ ആരിഫയേയും തിരഞ്ഞെടുത്തു.

ക്യാമ്പിന്റെ വിജയത്തിനു സഹായിച്ചവർക്കെല്ലാം നന്ദിപറഞ്ഞ ക്യമ്പ് അംഗങ്ങൾ റഹിംസാറിന്റെ ആത്മാർത്ഥതയേയും, സ്വയം സമർപ്പിത നേതൃത്വപാടവത്തേയും പ്രശംസിച്ചു.

മറക്കാനാവാത്ത ഒരുപാടു നല്ല മുഹൂർത്തങ്ങളെ സൃഷ്ടിച്ചുതന്ന ക്യാമ്പ് 28-ാം തിയ്യതി അവസാനിച്ചപ്പോൾ ക്യാമ്പിൽ നിന്നും ലഭിച്ച സ്നേഹത്തിന്റെയും, അംഗീകാരത്തിന്റെയും, സംതൃപ്തിയുടെയും നിറവ് ക്യാമ്പ് അംഗങ്ങൾക്കു താമസസൗകര്യമൊരുക്കിത്തന്ന രാമകൃഷ്ണൻമാഷിന്റെയും, സൈനബാത്തയുടെയും കണ്ണുകളിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഓർമ്മയുടെ താളുകൾക്കിടയിൽ സൂക്ഷിക്കുന്ന മനോഹരമായ ഒരു മയിൽപ്പീലിയാണ് ഞങ്ങൾക്കിന്നാ പത്തുദിനങ്ങൾ.



*അനാവശ്യമുള്ളതുമാത്രം കരസ്ഥമാക്കാൻ നിർദ്ദേശങ്ങൾ നൽകുന്ന നമ്മുടെ വിദ്യാഭ്യാസ രീതിയിൽ ആനന്ദകരമായി ഒന്നുമില്ല. വിരസമായ പുസ്തകപഠനം സൃഷ്ടിക്കുന്ന അജീർണ്ണത നമ്മുടെ വിദ്യാർത്ഥിയുടെ മാനസികപരിപുഷ്ടിയെ തടഞ്ഞുകൊണ്ടിരിക്കുന്നു.*

-ടാഗോർ-